മി.സ്പീക്കർ: ചെയർ ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇപ്പോൾ സമയം 01.45 ആണ്. നമ്മൾ സബ്മിഷൻ ശ്രദ്ധക്ഷണിക്കലും കഴിഞ്ഞ് ഇന്നത്തെ ബിസിനസിലേയ്ക്ക് കടക്കുന്നതേയുള്ളൂ. ഇത്രയും സമയം കൂടുതൽ എടുക്കാനുണ്ടായ സാഹചര്യം എന്നുപറയുന്നത് ഒരുപാട് സബ്മിഷൻ അനുവദിച്ചതുകൊണ്ടാണ്. സഭ ഈ ആഴ്ചയോടുകൂടി അവസാനിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ തന്ന സബ്മിഷൻ ഒരുപാടുള്ളതുകൊണ്ടാണ് അവസാനത്തെ രണ്ടുമൂന്ന് ദിവസം കൂടുതൽ സബ്മിഷൻ അനുവദിക്കുന്നത്. നാളെ ഇതിനേക്കാൾ കൂടുതൽ സബ്മിഷൻ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും അതിന് മറുപടി നൽകുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ചുരുക്കിപ്പറയണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. പ്രത്യേകിച്ച് മന്ത്രിമാരുടെ മറുപടി. ഇന്ന് ഒരു സബ്മിഷന്റെ മറുപടി ആറ് മിനിട്ടിൽ കൂടുതൽ എടുത്തു. ഇത്രയും സമയം എടുക്കുന്നതിനാലാണ് സഭ നീണ്ടുപോകുന്നത്. അതുകൊണ്ട് ഒരു മിനിറ്റുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുകയും മറുപടി പറയുകയും ചെയ്യാം, അതാണ് ആറും ഏഴും മിനിറ്റ് എടുക്കുന്നത്. അതുകൊണ്ട് ചുരുങ്ങിയ സമയം മാത്രമേ നാളെ മുതൽ എടുക്കാൻ പാടുള്ളൂ എന്നുകൂടി പറയുന്നു.